**കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയൻ (INTUC)**

H.O.S വരദരാജൻ നായർ സ്മാരക മന്ദിരം,മാഞ്ഞാലിക്കുളം റോഡ്,തമ്പാനൂർ,തിരുവനന്തപുരം

**Ph: 0471- 2333640**

**സർക്കുലർ നമ്പർ: 5/2026**

# സംസ്ഥാന ഭാരവാഹികളുടെ യോഗ തീരുമാനങ്ങൾ

സുഹൃത്തേ,

കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയന്റെ സംസ്ഥാന ഭാരവാഹികളുടെ യോഗം 05.02.2026 വ്യാഴാഴ്ച്ച രാവിലെ 10 മണിക്ക് തിരുവനന്തപുരത്ത് യൂണിയൻ HO യിൽ വച്ച് യൂണിയൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ.ഡി.അജയകുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ജനറൽ സെക്രട്ടറി ശ്രീ.എം.വിൻസന്റ് എം.എൽ.എയും മറ്റു സംസ്ഥാന ഭാരവാഹികളും യോഗത്തിൽ പങ്കെടുത്തു.

## യോഗത്തിന്റെ പ്രധാന അജണ്ടകൾ :

1. ജില്ലാ സമ്മേളനങ്ങൾ പൂർത്തീകരിക്കുക.
2. സംസ്ഥാനസമ്മേളന നടപടികൾ ആരംഭിക്കുക.
3. DA പ്രധാനവിഷയമായി എടുത്ത് നിയമസഭയിലേക്ക് മാർച്ച് സംഘടിപ്പിക്കുക.

## ജില്ലാ സമ്മേളനങ്ങൾ

8 ജില്ലകളിലെ ജില്ലാസമ്മേളനങ്ങൾ പൂർത്തീകരിച്ച സ്ഥിതിക്ക് അവശേഷിക്കുന്ന ജില്ലാസമ്മേളനങ്ങൾ താഴെ പറയുന്ന തീയതികളിൽ നടത്താൻ തീരുമാനിച്ചു.

| | | | |
|---|---|---|---|
| 19.02.2026 | വ്യാഴം | 09.00AM | എറണാകുളം |
| ,, | ,, | 11.30 AM | തൃശ്ശൂർ |
| 26.02.2026 | വ്യാഴം | 11.00 AM | കൊല്ലം |
| 27.02.2026 | വെള്ളി | 10.00AM | ആലപ്പുഴ |
| 28.02.2026 | ശനി | 10.00 AM | കോട്ടയം |
| | | 02.00 PM | ഇടുക്കി |

എന്നീ ക്രമത്തിൽ ജില്ലാസമ്മേളനങ്ങൾ നടത്തുവാൻ സംസ്ഥാന ഭാരവാഹികളുടെ യോഗം തീരുമാനിച്ചു. സമ്മേളനങ്ങളിൽ ജനറൽ സെക്രട്ടറി, വർക്കിംഗ് പ്രസിഡന്റ്, ട്രഷറർ, കഴിയുന്നത്ര സംസ്ഥാന ഭാരവാഹികൾ എന്നിവർ പങ്കെടുക്കേണ്ടതാണ്. തൊഴിലാളി പങ്കാളിത്തം പരമാവധി ഉറപ്പാക്കുവാൻ ബന്ധപ്പെട്ട യൂണിറ്റ്/ ജില്ലാ/ സംസ്ഥാന ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## സംസ്ഥാന സമ്മേളനം

ജില്ലാസമ്മേളനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് സംസ്ഥാന സമ്മേളനം നടത്തുന്ന തുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ യോഗം തീരുമാനിച്ചു. നിയമ സഭാ തെരഞ്ഞെടുപ്പിനെ ബാധിക്കാത്ത തരത്തിൽ സമ്മേളന നടപടികൾ പൂർത്തീകരി ക്കേണ്ടതാണ്.

## ഫെബ്രുവരി 24 നിയമസഭാ മാർച്ച്

DA പ്രധാന വിഷയമായി ഉന്നയിച്ചുകൊണ്ട് TDF ന്റെ നേതൃത്വത്തിൽ ഫെബ്രുവരി 24 ന് നിയമസഭാ മാർച്ച് സംഘടിപ്പിക്കുവാൻ യൂണിയന്റെ സംസ്ഥാന ഭാരവാഹികളുടെ യോഗം തീരുമാനിച്ചു. എല്ലാ യൂണിറ്റുകളിൽ നിന്നും പരമാവധി പ്രവർത്തകരെ മാർച്ചിൽ പങ്കെടുപ്പിക്കുവാനും മാർച്ച് വൻവിജയമാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുവാനും എല്ലാ യൂണിറ്റ്/ ജില്ലാ/ സംസ്ഥാന ഭാരവാഹികളും ശ്രദ്ധിക്കേണ്ടതാണ്. യൂണിറ്റുകളിൽ തൊഴിലാളികളുടെ ശ്രദ്ധ പിടിച്ചുപറ്റുന്ന രീതിയിൽ ഫ്ളക്സ് ബോർഡ് വയ്ക്കേണ്ടതാണ്. DA കുടിശ്ശിക

അനുവദിക്കുക, ശമ്പള പരിഷ്ക്കരണ നടപടികൾ ആരംഭിക്കുക, പെൻഷൻ പരിഷ്ക്കരണം നടത്തുക, കെ.എസ്.ആർ.ടി.സിയിൽ നടന്ന അഴിമതികളിൽ വിജിലൻസ് അന്വേഷണം നടത്തുക. അർഹരായ മുഴുവൻ ജീവനക്കാർക്കും പ്രമോഷൻ അനുവദിക്കുക, രാഷ്ട്രീയ പകപോക്കൽ നടപടികൾ അവസാനിപ്പിക്കുക, NPS,NDR,PF,LIC കുടിശ്ശിക അടച്ചുതീർക്കുക, KSRTC യ്ക്ക് പുതിയ ബസ്സുകൾ വാങ്ങുക, തൊഴിലാളി വിരുദ്ധ ഡ്യൂട്ടി പരിഷ്ക്കരണങ്ങൾ പിൻവലിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചായിരിക്കും നിയമസഭാ മാർച്ച് സംഘടിപ്പിക്കുന്നത്.

## 100 രൂപാ ചലഞ്ച്

കൊട്ടാരക്കര യൂണിറ്റിൽ 2025 ഫെബ്രുവരി 4 ലെ പണിമുടക്കിൽ പങ്കെടുത്തതിന്റെ പേരിൽ കള്ളക്കേസ് ചുമത്തി ജോലിയിൽ നിന്നും പിരിച്ചുവിട്ട യൂണിയൻ അംഗങ്ങളെ സാമ്പത്തികമായി സഹായിക്കുന്നതിനായി 2026 മാർച്ച് 01/02 തീയതികളിൽ **"100 രൂപാ ചലഞ്ച്"** നടത്തുവാൻ യോഗം തീരുമാനിച്ചു.

## മുൻ CMD ബിജു പ്രഭാകർ

KSRTC മുൻ CMD ശ്രീ. ബിജു പ്രഭാകറിനെ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് UDF ന്റെ ഒരു സംവിധാനത്തിലും ഉൾപ്പെടുത്തരുതെന്ന പ്രമേയം പാസാക്കുവാനും ഇത് UDF കൺവീനർ, പ്രതിപക്ഷനേതാവ്, KPCC പ്രസിഡന്റ് ഇവർക്ക് നൽകുവാനും യോഗം തീരുമാനിച്ചു. മാത്രമല്ല അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ UDF അധികാരത്തിൽ വരുന്ന പക്ഷം ശ്രീ.ബിജു പ്രഭാകർ KSRTC CMD ആയിരുന്ന കാലത്ത് നടന്ന എല്ലാ അഴിമതികളെക്കുറിച്ചും സ്റ്റേറ്റ് വിജിലൻസിനെ കൊണ്ട് അന്വേഷിപ്പിക്കേണ്ടതാണ് എന്ന ആവശ്യവും ഭാരവാഹികളുടെ യോഗത്തിൽ ഉന്നയിക്കപ്പെട്ടു.

## UDF പ്രകടനപത്രിക

KSRTC യെ സംബന്ധിച്ച് വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ UDF ന്റെ പ്രകടനപത്രികയിൽ ഉൾപ്പെടുത്തുന്നതിനായുള്ള വിഷയങ്ങൾ ക്രോഡീകരിക്കുന്നതിനായി സംസ്ഥാന ഓർഗ്ഗനൈസിംഗ് സെക്രട്ടറിമാരായ ശ്രീ.പി.സന്തോഷ്കുമാർ, ശ്രീ.എസ്.ഷിബു, ശ്രീ.ദീപു ശിവ ഇവരെ ചുമതലപ്പെടുത്തി. മറ്റ് സംസ്ഥാന ഭാരവാഹികൾ അവരവരുടെ നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്.

## സംസ്ഥാന ഭാരവാഹികളുടെ യോഗം

എല്ലാ മാസവും ആദ്യവാരത്തിൽ സംസ്ഥാന ഭാരവാഹികളുടെ യോഗം കൂടുവാൻ തീരുമാനിച്ചു.

## മാസവരി

യൂണിയൻ അംഗങ്ങളുടെ മാസവരി കൃത്യമായി ബാങ്ക് വഴി പിടിക്കാത്ത സാഹചര്യം നിലവിലുണ്ട്. അതിനാൽ അടുത്തമാസം മുതൽ മാസവരി പിടിക്കുന്ന സ്റ്റേറ്റ്മെന്റ് അതാത് മാസം തന്നെ യൂണിറ്റിൽ അയയ്ക്കുന്നതാണ്. മാസവരി പിടിക്കാത്ത അംഗങ്ങളുടെ വരിസംഖ്യ യൂണിറ്റ് സെക്രട്ടറി/പ്രസിഡന്റ്/ട്രഷറർ നേരിട്ട് പിരിച്ച് അതാതുമാസം H.O യിൽ നേരിട്ട് അടയ്ക്കേണ്ടതാണ്. മാസവരി അടയ്ക്കാത്ത യൂണിയൻ അംഗങ്ങൾക്ക് യൂണിയന്റെ ഒരു പരിരക്ഷയും ലഭിക്കുന്നതല്ല. ഇക്കാര്യങ്ങൾ യൂണിറ്റ്/ജില്ലാ/സംസ്ഥാന ഭാരവാഹികൾ മേൽനോട്ടം വഹിക്കേണ്ടതാണ്.

## ജില്ലാകമ്മറ്റി ഫണ്ട്

ജില്ലാതലത്തിൽ കാമ്പയിനുകൾ നടത്തുമ്പോൾ ചിലവാകുന്ന തുക വൗച്ചറുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുവാൻ തീരുമാനിച്ചു.

തിരുവനന്തപുരം
18.02.2026

എം.വിൻസന്റ് MLA
ജനറൽസെക്രട്ടറി